## ട്രാൻസ്പോർട്ട് കമ്മീഷണറുടെ നടപടിക്രമം
## (സാന്നിധ്യം: അനിൽകാന്ത് ഐ പി എസ്)

വിഷയം: മോട്ടോർ വാഹന വകുപ്പ്-പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം-നിയമസഭാ സെൽ പുന:സംഘടിപ്പിച്ചു കൊണ്ട് ഉത്തരവാകുന്നു

പരാമർശം: 1. 12-01-2018-ലെ 11/ഡി1/2018/ഗതാ നമ്പർ കത്ത്
2. 02-08-2017-ലെ എ5/1919/റ്റിസി/2013 നമ്പർ ഉത്തരവ്
3. U.O. Note No. C4/30678/TC/2013. dt, 16.1.18

## ഉത്തരവ് നം. എ5/1919/റ്റിസി/2013 തീയതി: 17-01-2018

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം 2017 ജനുവരി 22-ന് ആരംഭിക്കുകയാണ്. നിയമസഭാ ചോദ്യങ്ങൾക്ക് സമയബന്ധിതമായും, കൃത്യമായും മറുപടികൾ നൽകുന്നതിനായി പരാമർശം 2 പ്രകാരം സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ) നോഡൽ ഓഫീസറായി വകുപ്പിൽ ലെജിസ്ലേറ്റീവ് അസ്സംബ്ലി സെൽ പുന:സംഘടിപ്പിച്ചിരുന്നു. പ്രസ്തുത സെൽ താഴെ പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | ഉദ്യോഗപ്പേര് | ഫോൺ നമ്പർ |
|---|---|---|---|
| 1 | ശ്രീ.കെ.ജി.സാമുവൽ | നോഡൽ ഓഫീസർ (സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ) | 9446814432 |
| 2 | ശ്രീ.കെ.പദ്മകുമാർ | അസിസ്റ്റന്റ് നോഡൽ ഓഫീസർ (അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ) | 9447101510 |
| 3 | ശ്രീ.സന്തോഷ് | അസിസ്റ്റന്റ് നോഡൽ ഓഫീസർ (അസിസ്റ്റന്റ് സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി) | 9446420360 |
| 4 | ശ്രീ. ഹുസൈൻ.എ.കെ | സീനിയർ സൂപ്രണ്ട്, സി സെക്ഷൻ | 9947836916 |
| 5 | ശ്രീമതി. ലെൻസി | ക്ലർക്ക് | 9447621671 |
| 6 | ശ്രീ.പ്രസാദ് കുമാർ | ക്ലർക്ക് | 9846255247 |
| 7 | ശ്രീ.രാജേഷ് കെ | ക്ലർക്ക് | 9020926147 |
| 8 | ശ്രീമതി.ചിത്രാദേവി.എ.എൻ | യു.ഡി ടൈപ്പിസ്റ്റ് | 9497776029 |
| 9 | ശ്രീ.അനിൽ കുമാർ | എൽ ഡി ടൈപ്പിസ്റ്റ് | 9747968135 |
| 10 | ശ്രീ.സുരേഷ് കുമാർ.വി.കെ | ഡ്രൈവർ | 9946524620 |
| 11 | ശ്രീ.ഷാജിമോൻ സി | ഡ്രൈവർ | 9446179342 |
| 12 | ശ്രീ.റൂബി ആർ ആർ | ഡ്രൈവർ | 9846991153 |
| 13 | ശ്രീ.നടരാജ് | ഓഫീസ് അറ്റൻഡന്റ് | 9744863103 |
| 14 | ശ്രീമതി വിജിത | ഓഫീസ് അറ്റൻഡന്റ് | 9995308979 |

2. ബഹുമാനപ്പെട്ട ഗതാഗത വകുപ്പ് മന്ത്രി സഭയിൽ മറുപടി പറയേണ്ട ദിവസങ്ങളിൽ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, അസിസ്റ്റന്റ് സെക്രട്ടറി, എസ് റ്റി എ എന്നിവർ രാവിലെ 7.30 മുതൽ ഓഫീസിൽ ഹാജരായിരിക്കണം. ഇവരെ കൂടാതെ എൽ.എ സെല്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളവരിൽ ഒരു ക്ലർക്കും, ഒരു ടൈപ്പിസ്റ്റും, ഒരു ഡ്രൈവറും മാറിമാറി രാവിലെ 8.30 മുതൽ ഓഫീസിൽ ഉണ്ടായിരിക്കണം. ബഹുമാനപ്പെട്ട ഗതാഗത മന്ത്രി

മറുപടി പറയേണ്ട ദിവസങ്ങളിൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണ(എൻഫോഴ്സ്മെന്റ്)റും, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ(ടാക്സേഷൻ)-നും രാവിലെ 8 മണി മുതൽ നിയമസഭയിൽ ഹാജരായിരിക്കേണ്ടതാണ്.

3. ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ സി4 സെക്ഷനാണ് നിയമസഭാ സമ്മേളനത്തിന്റെ നോഡൽ സെക്ഷനായി പ്രവർത്തിക്കേണ്ടത്. വകുപ്പുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടികൾ/വിശദാംശങ്ങൾ സെക്ഷനുകളിൽ നിന്നും ശേഖരിച്ച് കൃത്യസമയത്ത് സമയത്ത് സെക്രട്ടേറിയേറ്റിൽ എത്തിക്കേണ്ട പ്രാഥമികമായ ഉത്തരവാദിത്വം നോഡൽ സെക്ഷനായിരിക്കും സെക്ഷൻ സൂപ്രണ്ടുമാർ, തങ്ങൾക്ക് കീഴിലുള്ള സെക്ഷനുകളുമായി ബന്ധപ്പെട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ സമയബന്ധിതമായി തന്നെ ബന്ധപ്പെട്ട സെക്ഷനെ ഏല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ നിയമസഭാ സമ്മേളനം തീരുന്നതു വരെ ഓഫീസിൽ ഹാജരായിരിക്കേണ്ടതാണ്.

4. ടൈപ്പിംഗ് ജോലികൾ ഫെയർ കോപ്പി സൂപ്രണ്ട് എല്ലാ ടൈപ്പിസ്റ്റുമാർക്കും തുല്യമായി വീതിച്ചു നൽകേണ്ടതാണ്. നിയമസഭാ സെല്ലിലേക്ക് നിയോഗിച്ചിരിക്കുന്ന ടൈപ്പിസ്റ്റുമാർ ഫെയർ കോപ്പി സൂപ്രണ്ടിന്റെ അനുമതിയോടു കൂടി മാത്രമേ ഓഫീസ് വിട്ടു പോകുവാൻ പാടുള്ളൂ.

5. നിയമസഭാ സെല്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള ടൈപ്പിസ്റ്റുമാർ അവധിയിലാണെങ്കിൽ അദ്ദേഹത്തിന്റെ/അവരുടെ അധികച്ചുമതല, ശ്രീ.വിപിൻ കുമാർ.പി.എസ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് നിർവഹിക്കേണ്ടതാണ്.

6. നിയമസഭാ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കൃത്യമായും, സമയബന്ധിതമായും സർക്കാരിലേക്ക് അയക്കുക എന്നുള്ളത് നിയമസഭാ സെല്ലിന്റെ കൂട്ടുത്തരവാദിത്വമായിരിക്കും. സെല്ലിലെ അംഗങ്ങളുടെയും, കീഴ് ഓഫീസുകളിലെ ലെയ്സൺ ഓഫീസർമാരുടെയും ഫോൺ നമ്പർ/മൊബൈൽ ഫോൺ നമ്പർ സെല്ലിൽ സൂക്ഷിക്കേണ്ടതാണ്. നിയമസഭാ ചോദ്യങ്ങളുടെ ഉത്തരങ്ങൾ സെക്രട്ടേറിയേറ്റിൽ എത്തിക്കുന്നതിനായി വകുപ്പിലെ കെ എൽ 01 ബി ഡി 9622 എന്ന വാഹനം വിട്ടുനൽകേണ്ടതാണ്. പ്രസ്തുത വാഹനത്തിന്റെ അഭാവത്തിൽ കെ എൽ 01 ബി എ 7748 എന്ന വാഹനം ലഭ്യമാക്കേണ്ടതാണ്. വാഹനത്തിന്റെ ലഭ്യതയും, പ്രവർത്തനക്ഷമതയും അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ ഉറപ്പ് വരുത്തേണ്ടതാണ്.

7. നിയമസഭ ചേരുന്ന എല്ലാ ദിവസവും രാവിലെ 8 മണി മുതൽ ഒരു ക്ലർക്ക്, ഒരു ടൈപ്പിസ്റ്റ്, ഒരു ഡ്രൈവർ എന്നിവരുടെ സേവനം ഉറപ്പ് വരുത്തുക എന്നുള്ളത് സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഉത്തരവാദിത്വമാണ്. മറുപടികൾ സമയബന്ധിതമായി നൽകുന്നത് ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട ബന്ധപ്പെട്ട സെക്ഷനിലെ സൂപ്പർവൈസറി ഓഫീസർ, ക്ലർക്ക് എന്നിവരെ കൂടാതെ ഒരു ടൈപ്പിസ്റ്റും ഓഫീസ് പ്രവർത്തന സമയത്തിന് ശേഷവും ആവശ്യമെങ്കിൽ ഓഫീസിൽ ഉണ്ടായിരിക്കേണ്ടതാണ്.

8. നിയമസഭാ സെല്ലിന്റെ സീനിയർ സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട് ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രഫോർമയിൽ ദിവസവും ഒരു സ്ഥിതി വിവരണ കണക്ക് തയ്യാറാക്കേണ്ടതും, ആയതിന്റെ അപ്ഡേറ്റ് ചെയ്ത കോപ്പി എല്ലാ ദിവസവും വൈകുന്നേരം 6 മണിക്ക് ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സ്) എന്നിവർക്ക് സമർപ്പിക്കേണ്ടതുമാണ്.

9. നിയമസഭാ സെഷനുമായി ബന്ധപ്പെട്ട് എല്ലാ ഓഫീസുകളിലും ഓഫീസ് തലവൻ നോഡൽ ഓഫീസർ ആയിക്കൊണ്ട് ഒരു നിയമസഭാ സെൽ രൂപീകരിക്കേണ്ടതും, തങ്ങൾക്ക് ലഭിക്കുന്ന ചോദ്യങ്ങൾക്ക്

കൃത്യമായും, സമയബന്ധിതമായും മറുപടി നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി ലഭ്യമാക്കാത്ത പക്ഷം ആയത് ഓഫീസ് തലവന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കണക്കാക്കുന്നതും, കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

1. സി എ റ്റു ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ/ സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സ്)
2. അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (എൻഫോഴ്സ്മെന്റ്). ദക്ഷിണ മേഖല & അസിസ്റ്റന്റ് സെക്രട്ടറി, എസ് റ്റി എ
3. എല്ലാ സെക്ഷൻ സൂപ്രണ്ടുമാരും
4. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും, എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും & എല്ലാ മോട്ടോർ വെഹിക്കിൾസ് ചെക്ക് പോസ്റ്റിലെ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്